കെ. എച്ച്.ആർ.ഡബ്ല്യൂ. എസ്.-ന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻ അധിക വേതനം കൈപ്പറ്റിയത് തിരികെ പിടിക്കാൻ നടപടി

120 (2250) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എച്ച്.ആർ.ഡബ്ല്യൂ. എസ്.-ന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ അധിക വേതനം കൈപ്പറ്റിയതായി പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് ; എത്ര രൂപ കൈപ്പറ്റി, ഈ പരാതിയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു ;

(ബി) ഈ സ്ഥാപനത്തിൽ നിന്നും ആരെങ്കിലും അനധികൃതമായി റ്റി.എ. പരിധികഴിഞ്ഞ് വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ചു പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കെ. എച്ച്.ആർ.ഡബ്ല്യൂ. എസ്.-ലെ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അഡീഷണൽ ചാർജ് അലവൻസ് അധികമായി കൈപ്പറ്റിയതായി പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് പരാതിയിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. കേരള സർവീസ് റൂൾസ് പ്രകാരം പരിധി കഴിഞ്ഞുള്ള റ്റി.എ. നൽകുന്നതിനുള്ള സാഹചര്യം താഴെപറയുന്ന കാരണങ്ങളാൽ ഉണ്ടായിട്ടുണ്ട്. കെ. എച്ച്.ആർ.ഡബ്ല്യൂ. എസ്.-ലെ ഇലക്ട്രിക്കൽ സെക്ഷനിലെ തസ്തികകളുടെ അധികാരപരിധി സംസ്ഥാനമൊട്ടുക്കായതിനാൽ ഒരു ഇലക്ട്രിക്കൽ ജോലിയോടനുബന്ധിച്ച് എസ്റ്റിമേറ്റ് എടുക്കുന്നതിനും, ജോലിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുമായി മൂന്നു പ്രാവശ്യമെങ്കിലും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യാത്ര ചെയ്യേണ്ടതായി വരുന്നു. ഈ നടപടി സാധൂകരിക്കുന്നതിനായി ഗവേണിംഗ് ബോഡിയുടെ പരിഗണനക്ക് വയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ. എച്ച്.ആർ.ഡബ്ല്യൂ. എസ്.-ലെ ഓവർസിയർ

121 (2251) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഓവർസിയർ ഗ്രേഡ് - 2 എന്ന തസ്തിക നിലവിലുണ്ടോ ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ൽ മൂന്നാം ഗ്രേഡ് ഓവർസിയർ ആയിരുന്ന ആൾ രണ്ടാം ഗ്രേഡ് ഓവർസിയർ ആയി പ്രമോഷൻ നൽകണമെന്ന് ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തതിനെ തുടർന്ന് കൂടിയ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ 97-ാമത് ഗവേണിംഗ് ബോഡിയോഗം ഓവർസിയർ ഗ്രേഡ് - 2, ഓവർസിയർ ഗ്രേഡ് -1 എന്നീ പോസ്റ്റുകൾ വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly